**മധുരമായ കുട്ടികളേ – സ്വയം പരിശോധിക്കൂ എത്ര സമയം ബാബയുടെ സ്മൃതിയിൽ ഇരിക്കാൻ സാധിക്കുന്നുണ്ട്, കാരണം സ്മൃതിയിലൂടെ മാത്രമാണ് പ്രയോജനം, വിസ്മൃതിയിൽ നഷ്ടമാണ്.**

**ചോദ്യം –** ഈ പാപാത്മാക്കളുടെ ലോകത്തിൽ ഏതൊരു കാര്യമാണ് തികച്ചും അസംഭവ്യമായത്, എന്തുകൊണ്ട്?

**ഉത്തരം –** ഇവിടെ ആരെങ്കിലും സ്വയത്തെ പുണ്യാത്മാവാണെന്നു പറയുകയാണെങ്കിൽ, അത് തികച്ചും അസംഭവ്യമാണ് കാരണം ലോകം തന്നെ കലിയുഗീ തമോപ്രധാനമാണ്. മനുഷ്യർ ഏതൊന്നിനെയാണോ പുണ്യകർമ്മമെന്നു മനസ്സിലാക്കുന്നത്, അതുപോലും പാപത്തിന്റേതായിത്തീരുന്നു. കാരണം ഓരോ കർമ്മവും വികാരങ്ങൾക്കു വശപ്പെട്ടിട്ടാണ് ചെയ്യുന്നത്.

**ഓംശാന്തി**. നമ്മൾ ബ്രഹ്മാകുമാർ–കുമാരിമാരാണെന്നുള്ളത് നിങ്ങൾ കുട്ടികൾക്ക് മനസ്സിലായിട്ടുണ്ട്. പിന്നീട് നമ്മൾ ദേവീദേവതകളായിത്തീരുന്നു. ഇത് നിങ്ങൾക്ക് മാത്രമേ അറിയൂ മറ്റാർക്കും തന്നെ മനസ്സിലാവുകയില്ല. നിങ്ങൾക്കറിയാം നമ്മൾ ബ്രഹ്മാകുമാർ–കുമാരിമാർ പരിധിയില്ലാത്ത പഠിപ്പാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. 84 ജന്മത്തിന്റെ പഠിപ്പാണ് പഠിക്കുന്നത്, സൃഷ്ടിചക്രത്തിന്റെ പഠിപ്പാണ് പഠിക്കുന്നത്. പിന്നീട് നിങ്ങൾക്ക് പവിത്രമാകുന്നതിനുള്ള പഠിപ്പും ലഭിക്കുന്നു. ഇവിടെ ഇരുന്നുകൊണ്ടും നിങ്ങൾ കുട്ടികൾ തീർച്ചയായും പാവനമാകുന്നതിനായി ബാബയെ ഓർമ്മിക്കുന്നുണ്ട്. അവനവന്റെ ഹൃദയത്തോടു ചോദിക്കണം നമ്മൾ സത്യം–സത്യമായും ബാബയുടെ ഓർമ്മയിലിരുന്നോ അതോ മായാ രാവണൻ ബുദ്ധിയെ മറ്റു വശത്തേക്കു കൊണ്ടു പോയോ? തന്റെ അവസ്ഥയെ നോക്കൂ. എത്രത്തോളം സമയം ബാബയെ ഓർമ്മിച്ചുവോ അതിലൂടെ മാത്രമാണ് പാവനമായിത്തീരുന്നത്. ശേഖരണത്തിന്റെയും നഷ്ടത്തിന്റെയും കണക്കുകൾ വെക്കണം. അതൊരു ശീലമായിത്തീരുകയാണെങ്കിൽ ഓർമ്മയുണ്ടാകുന്നു. എഴുതി വെക്കും. എല്ലാവരുടെയും പോക്കറ്റിൽ ഡയറി ഉണ്ടായിരിക്കുമല്ലോ. മറ്റുള്ള വ്യാപാരികളുടെ കൈയ്യിൽ പരിധിയുള്ള ഡയറിയാണ്. നിങ്ങളുടെത് പരിധിയില്ലാത്ത ഡയറിയാണ്. അപ്പോൾ നിങ്ങൾക്ക് തന്റെ ചാർട്ട് നോട്ട് ചെയ്യണം. ബാബയുടെ ആജ്ഞയാണ് – ജോലികൾ എന്തുവേണമെങ്കിലും ചെയ്തോളൂ പക്ഷേ കുറച്ച് സമയം കണ്ടെത്തി തീർച്ചയായും എന്നെ ഓർമ്മിക്കണം. തന്റെ കണക്കിനെ നോക്കി പ്രാപ്തിയെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കണം. നഷ്ടം ഉണ്ടാക്കരുത്. നിങ്ങളുടെത് യുദ്ധമല്ലേ. സെക്കന്റിൽ പ്രാപ്തിയും സെക്കന്റിൽ നഷ്ടവുമാണ്. ഞങ്ങൾ നഷ്ടമാണോ അതോ ലാഭമാണോ ഉണ്ടാക്കുന്നത് എന്നതിനെക്കുറിച്ച് പെട്ടെന്നു തന്നെ അറിയാൻ സാധിക്കും. നിങ്ങൾ വ്യാപാരികളല്ലേ. വിരളം പേർക്കു മാത്രമാണ് ഈ വ്യാപാരം ചെയ്യാൻ സാധിക്കുന്നത്. സ്മൃതിയിലൂടെ പ്രാപ്തിയും വിസ്മൃതിയിലൂടെ നഷ്ടവുമാണ്. ഇവിടെ അവനവനെ വേണം പരിശോധിക്കാൻ, ആർക്കാണോ ഉയർന്ന പദവി നേടേണ്ടത് അവർക്ക് ഈ ചിന്തയുണ്ടാകുന്നു–ഞങ്ങൾ എത്രത്തോളം വിസ്മൃതിയിലിരുന്നു? ബാബ സർവ്വ ആത്മാക്കളുടെയും അച്ഛനും പതിതപാവനനുമാണെന്ന് നിങ്ങൾ കുട്ടികൾക്ക് അറിയാവുന്നതാണ്. യഥാർത്ഥത്തിൽ നമ്മൾ എല്ലാവരും ആത്മാക്കളാകുന്നു. തന്റെ സ്വന്തം വീട്ടിൽ നിന്നും ഇവിടേക്ക് വന്നിരിക്കുകയാണ്. ഈ ശരീരമെടുത്ത് പാർട്ട് അഭിനയിച്ചുകൊണ്ടിരിക്കുകയാണ്. ശരീരം വിനാശിയാണ്, ആത്മാവ് അവിനാശിയും. സംസ്കാരവും ആത്മാവിൽ തന്നെയാണ്. ബാബ ചോദിക്കുന്നു – അല്ലയോ ആത്മാവേ, ഓർമ്മിക്കൂ, ഈ ജന്മത്തിലെ ചെറുപ്പ കാലഘട്ടത്തിൽ എന്തെങ്കിലും തലകീഴായ കർമ്മങ്ങളൊന്നും തന്നെ ചെയ്തിട്ടില്ലല്ലോ? ഓർമ്മിച്ചു നോക്കൂ. 3–4 വയസ്സു മുതൽക്കുള്ളത് ഓർമ്മയിലുണ്ടാകുന്നു, നമ്മൾ ചെറുപ്പ കാലഘട്ടം എങ്ങനെ ചിലവഴിച്ചു, എന്തെല്ലാം ചെയ്തു? ഏതെങ്കിലും കാര്യങ്ങൾ ഓർത്ത് ഹൃദയം വേദനിക്കുന്നുണ്ടോ? ഓർമ്മിച്ചു നോക്കൂ. സത്യയുഗത്തിൽ ഇങ്ങനെയൊന്നും തന്നെ ചോദിക്കേണ്ടതായ കാര്യമില്ല കാരണം അവിടെ പാപകർമ്മങ്ങൾ ഒന്നും തന്നെ ഉണ്ടാകുന്നില്ല. ഇവിടെയാണ് പാപങ്ങൾ ഉണ്ടാകുന്നത്. മനുഷ്യർ എന്തിനെയാണോ പുണ്യത്തിന്റെ കർമ്മമെന്നു മനസ്സിലാക്കുന്നത് അതുപോലും പാപമാണ്. ഇത് പാപാത്മാക്കളുടെ തന്നെ ലോകമാണ്. നിങ്ങളുടെ കൊടുക്കൽ വാങ്ങലും പാപാത്മാക്കളുമായാണ്. ഇവിടെ പുണ്യാത്മാക്കൾ തന്നെയില്ല. പുണ്യാത്മാക്കളുടെ ലോകത്തിലാണെങ്കിൽ ഒരു പാപാത്മാവു പോലും ഉണ്ടാകുന്നില്ല. പാപാത്മാക്കളുടെ ലോകത്തിൽ ഒരു പുണ്യാത്മാക്കൾ പോലുമില്ല. ഏതെല്ലാം തന്നെ ഗുരുക്കന്മാരുടെ ചരണങ്ങളിലാണോ വീഴുന്നത് അവരാരും തന്നെ പുണ്യാത്മാക്കളല്ല. ഇത് കലിയുഗമാണ്, അതും തമോപ്രധാനമാണ്. ഇവിടെ പുണ്യാത്മാക്കൾ ഉണ്ടാവുക എന്നത് അസംഭവ്യമാണ്. പുണ്യാത്മാവായിത്തീരുന്നതിനാണ് ബാബയെ വിളിക്കുന്നത്, വന്ന് ഞങ്ങളെ പാവന ആത്മാവാക്കി മാറ്റൂ. ആരെങ്കിലും വളരെ ദാന–പുണ്യകർമ്മങ്ങൾ ചെയ്യുന്നുവെങ്കിൽ,

ധർമ്മശാല പണിയുന്നുവെങ്കിൽ അവർ പുണ്യാത്മാവാണ് എന്നല്ല അതിനർത്ഥം. വിവാഹങ്ങൾക്കു വേണ്ടി ഹാൾ പണിതുകൊടുക്കുന്നതൊന്നും പുണ്യകർമ്മമല്ല. ഇതെല്ലാം മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. ഇത് രാവണരാജ്യമാണ്, പാപാത്മാക്കളുടെ ആസുരീയ രാജ്യമാണ്. ഈ കാര്യങ്ങൾ നിങ്ങൾക്കല്ലാതെ മറ്റാർക്കും തന്നെ അറിയില്ല. രാവണനെക്കുറിച്ച് പറയുന്നുണ്ടെങ്കിലും രാവണൻ ആരാണെന്നുള്ള തിരിച്ചറിവില്ല. ശിവന്റെ ചിത്രമുണ്ടെങ്കിലും ശിവനാരാണെന്നുള്ള തിരിച്ചറിവില്ല. വലിയ വലിയ ശിവലിംഗങ്ങളെല്ലാം ഉണ്ടാക്കുന്നുണ്ട്, എന്നിട്ടും പറയുന്നു നാമരൂപത്തിൽ നിന്നും വേറിട്ടതാണ്, സർവ്വവ്യാപിയാണ് എന്നെല്ലാം. അതുകൊണ്ടാണ് ബാബ പറയുന്നത്, യദായദാഹി. . . ഭാരതത്തിൽ തന്നെയാണ് ശിവബാബയുടെ ഗ്ലാനിയും ഉണ്ടാകുന്നത്. നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്ന ബാബയെക്കുറിച്ച്, നിങ്ങൾ മനുഷ്യ മതമനുസരിച്ച് നടന്ന് എത്രയാണ് ആക്ഷേപിച്ചത്? മനുഷ്യമതം-ഈശ്വരീയമതം, എന്നതിനെക്കുറിച്ച് ഒരു പുസ്തകവുമുണ്ട്. നമ്മൾ ശ്രീമത്തനുസരിച്ച് ദേവതയായി മാറുന്നു എന്നത് നിങ്ങൾക്ക് മാത്രമേ അറിയൂ, മനസ്സിലാക്കാൻ സാധിക്കൂ. രാവണമതമനുസരിച്ച് പിന്നീട് ആസുരീയ മനുഷ്യനായിത്തീരുന്നു. മനുഷ്യമതത്തെ ആസുരീയമതം എന്നാണ് പറയുന്നത്. ആസുരീയ കർത്തവ്യമാണ് ചെയ്തുകൊണ്ടി രിക്കുന്നത്. മുഖ്യമായ കാര്യം ഈശ്വരനെ സർവ്വവ്യാപിയെന്ന് പറഞ്ഞു. കൂർമ്മാവതാരം, മത്സ്യാവതാരം . . . അപ്പോൾ എത്ര ആസുരീയവും മോശവുമായി മാറിക്കഴിഞ്ഞു. നിങ്ങൾ ആത്മാക്കളാരും മത്സ്യത്തിലും കൂർമ്മത്തിലുമൊന്നും വരുന്നില്ല, മനുഷ്യ ശരീരത്തിൽ തന്നെയാണ് വരുന്നത്. നമ്മൾ മത്സ്യവും കൂർമ്മവുമായൊന്നും മാറുന്നില്ലെന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായിക്കഴിഞ്ഞു. 84 ലക്ഷം ജന്മങ്ങൾ എടുക്കുന്നില്ല. ഇപ്പോൾ നിങ്ങൾക്ക് ബാബയുടെ ശ്രീമത്ത് ലഭിക്കുന്നു – കുട്ടികളെ നിങ്ങൾ 84 ജന്മങ്ങളാണ് എടുക്കുന്നത്. 84-ന്റെയും 84 ലക്ഷത്തിന്റെയും ശതമാനം തമ്മിൽ എത്ര വ്യത്യാസമാണ്! അസത്യം, പൂർണ്ണമായും അസത്യം, അൽപ്പം പോലും സത്യമില്ല. ഇതിന്റെയും അർത്ഥം മനസ്സിലാക്കണം. ഭാരതത്തിന്റെ അവസ്ഥ എന്തായിത്തീർന്നിരിക്കുന്നു എന്നു നോക്കൂ. ഭാരതം സത്യഖണ്ഡമായിരുന്നു അതിനെ സ്വർഗ്ഗം എന്നായിരുന്നു പറയപ്പെട്ടിരുന്നത്. അരക്കൽപ്പം രാമരാജ്യമാണ് അരക്കൽപ്പം രാവണരാജ്യവും. രാവണരാജ്യത്തിലുള്ളവരെ ആസുരീയ സമ്പ്രദായത്തിലുള്ളവരെന്നാണ് പറയുക. എത്ര കടുത്ത വാക്കാണ്. അരക്കൽപ്പം ദേവതകളുടെ രാജ്യമാണ് ഉണ്ടാകുന്നത്. ബാബ മനസ്സിലാക്കിത്തന്നിട്ടുണ്ട് ലക്ഷ്മീനാരായണൻ ഒന്നാമൻ, രണ്ടാമൻ, മൂന്നാമൻ എന്നാണ് പറയപ്പെടുന്നത്. എങ്ങനെയാണോ എഡ്വേർഡ് ഒന്നാമൻ രണ്ടാമൻ എന്നതു പോലെ. ബാബ വന്ന് ഡ്രാമയുടെ രഹസ്യം നല്ല രീതിയിൽ മനസ്സിലാക്കിത്തരുന്നുണ്ട്. നിങ്ങളുടെ ശാസ്ത്രത്തിലൊന്നും ഈ കാര്യങ്ങൾ ഉണ്ടായിരുന്നില്ല. ചില ചില ശാസ്ത്രങ്ങളിൽ കുറച്ചു രേഖകൾ കാണപ്പെടുന്നുണ്ട്. പക്ഷേ ആ സമയത്ത് ആരാണോ പുസ്തകങ്ങൾ ഉണ്ടാക്കിയത് അവർക്ക് ഒന്നും തന്നെ മനസ്സിലായിട്ടല്ല.

ബ്രഹ്മാബാബ ബനാറസിൽ ഉണ്ടായിരുന്നപ്പോഴും, ഈ ലോകം നല്ലതായിത്തോന്നിയിരുന്നില്ല, ചുമരിനു മേൽ മുഴുവനും ചിത്രങ്ങൾ വരച്ചിടുമായിരുന്നു. ശിവബാബയാണ് ഇതെല്ലാം ചെയ്യിപ്പിച്ചിരുന്നത് കാരണം ഞങ്ങൾ ആ സമയത്ത് കുട്ടികളായിരുന്നില്ലേ. പൂർണ്ണമായും മനസ്സിലായിരുന്നില്ല. ആരോ എന്നിലൂടെ ചെയ്യിപ്പിക്കുന്നുണ്ടെന്ന് അറിയാമായിരുന്നു. വിനാശം കണ്ടപ്പോൾ ഉള്ളിൽ സന്തോഷമായിരുന്നു. രാത്രിയിൽ ഉറങ്ങുന്ന സമയത്തും പറന്നുകൊണ്ടിരിക്കുന്നത് പോലെയായിരുന്നു പക്ഷേ ഒന്നും തന്നെ മനസ്സിലാക്കാൻ സാധിച്ചില്ല. ഇങ്ങനെ വരച്ചുകുറിച്ചുകൊണ്ടിരിക്കുമായിരുന്നു. പ്രവേശിച്ച ആളുടെ ശക്തി തന്നെയാണ്. ബ്രഹ്മാബാബ അത്ഭുതപ്പെടുമായിരുന്നു. ആദ്യം ജോലി ചെയ്തിരുന്നു, പിന്നീട് അതിനുശേഷം എന്തു സംഭവിച്ചു എന്നറിയില്ല, ആരെയെങ്കിലും നോക്കുന്ന സമയത്ത് അവർക്ക് ഉടൻ സാക്ഷാത്കാരം ലഭിക്കുമായിരുന്നു. ആരെ നോക്കിയാലും അവരുടെ കണ്ണുകൾ പെട്ടെന്നു തന്നെ അടഞ്ഞു പോകുമായിരുന്നു, എന്തു സംഭവിക്കുന്നു എന്നറിയില്ലായിരുന്നു. അവരോട് നിങ്ങൾ എന്താണ് കണ്ടതെന്ന് ചോദിച്ചാൽ പറയും, വൈകുണ്ഠം കണ്ടു, കൃഷ്ണനെ കണ്ടു എന്നൊക്കെ. ഇതിനെക്കുറിച്ചെല്ലാം മനസ്സിലാക്കുന്നതിനു വേണ്ടിയാണ് ബാബ സർവ്വതും ഉപേക്ഷിച്ച് ബനാറസിലേക്ക് പോയത്. മുഴുവൻ ദിവസവും ഇതിനെക്കുറിച്ച് ചിന്തിച്ചിരിക്കുമായിരുന്നു. പെൻസിലും ചുമരും, മറ്റൊരു പണിയുമില്ലായിരുന്നു. ആ സമയത്ത് കുട്ടിയായിരുന്നില്ലേ. ഇങ്ങനെയെല്ലാം തന്നെ കാണുമ്പോൾ മനസ്സിലാക്കി ഇനി ജോലിയൊന്നും തന്നെ ചെയ്യേണ്ടതായില്ല. ജോലികളും മറ്റും ഉപേക്ഷിക്കേണ്ടതാണ്. ഈ കഴുതപ്പണി ഉപേക്ഷിക്കുന്നതിൽ ബാബയ്ക്ക് സന്തോഷമായിരുന്നു. രാവണരാജ്യമല്ലേ. രാവണന്റെ തലയ്ക്കു മീതെ കഴുതയുടെ തല കാണിക്കുന്നുണ്ടല്ലോ, അപ്പോൾ ചിന്ത വന്നു ഇത് രാജ്യപദവിയല്ല, പകരം കഴുതപ്പണിയാണെന്ന്. കഴുത ഇടയ്ക്കിടെ ചെളിയിൽ പോയി മുങ്ങി അലക്കുകാരന്റെ വസ്ത്രങ്ങൾ മുഴുവനും അഴുക്കാക്കുന്നു. ബാബയും പറയുന്നു, നിങ്ങൾ ആരായിരുന്നു, ഇപ്പോൾ നിങ്ങളുടെ അവസ്ഥ എന്തായിത്തീർന്നിരിക്കുകയാണ്. ഈ ബാബയും മനസ്സിലാക്കിത്തരുന്നു, ബ്രഹ്മാബാബയും മനസ്സിലാക്കിത്തരുന്നു. രണ്ടു പേരും സംസാരിക്കുന്നു. ജ്ഞാനം ആരാണോ വളരെ നല്ല രീതിയിൽ മനസ്സിലാക്കുന്നത്, അവർ തീവ്രഗതിയിൽ മുന്നേറുന്നു. നമ്പർവൈസാണല്ലോ. രാജധാനി

സ്ഥാപിക്കുകയാണെന്നുള്ളത് നിങ്ങൾ കുട്ടികളും മനസ്സിലാക്കുന്നു. തീർച്ചയായും പദവി നമ്പർവൈസായിരിക്കും. ആത്മാവ് തന്റെ പാർട്ട് കല്പ-കല്പം അഭിനയിക്കുന്നു. എല്ലാവരും ഒരേപോലെ ജ്ഞാനം എടുക്കുകയില്ലല്ലോ. ഈ സ്ഥാപന തന്നെ അത്ഭുതകരമാണ്. മറ്റാർക്കും തന്നെ സ്ഥാപനയുടെ ജ്ഞാനം നൽകാൻ സാധിക്കില്ല. സിക്ക് ധർമ്മം സ്ഥാപിച്ചു, പരിശുദ്ധമായ ആത്മാവാണ് പ്രവേശിച്ചത്, കുറച്ചു കാലത്തിനു ശേഷമാണ് സിക്ക് ധർമ്മത്തിന്റെ സ്ഥാപനയുണ്ടായത്. അവരുടെ തലവൻ ആരാണ്? ഗുരുനാനാക്ക്. അദ്ദേഹം വന്നാണ് പിന്നീട് ജപസാഹേബ് ഉണ്ടാക്കിയത്. ആദ്യം വരുന്നത് പുതിയ ആത്മാക്കൾ തന്നെയായിരിക്കും, എന്തുകൊണ്ടെന്നാൽ പവിത്രമായ ആത്മാക്കളാണ്. പവിത്രരായവരെ മഹാത്മാക്കളെന്ന് പറയുന്നു. ഒരേയൊരു ബാബയെ മാത്രമാണ് സുപ്രീം(പരമമായത്) എന്നു പറയുന്നത്. ധർമ്മസ്ഥാപകരും ധർമ്മം സ്ഥാപിക്കുന്നതു കൊണ്ടാണ് അവരെ മഹാൻ എന്നു പറഞ്ഞിരുന്നത്. പക്ഷേ അവർ നമ്പർവൈസായി പിറകിലായി വരുന്നു. 500 വർഷങ്ങൾക്കു മുമ്പ് ഒരാത്മാവു വന്ന് സിക്ക് ധർമ്മം സ്ഥാപിച്ചു, ആ സമയത്ത് അവരുടെ ധർമ്മഗ്രന്ഥമുണ്ടായിരുന്നില്ല. സുഖമണി ജപസാഹേബ് എന്ന ഗ്രന്ഥം തീർച്ചയായും പിന്നീടുണ്ടാക്കിയതായിരിക്കും. ഗുരു നാനാക്കും എന്തു പഠിപ്പാണ് നൽകുന്നത്. ഉത്സാഹം വരുമ്പോൾ അച്ഛന്റെ മഹിമയാണ് പാടിക്കൊണ്ടിരിക്കുക. ബാക്കി ഈ പുസ്തകങ്ങളെല്ലാം തന്നെ അതിനുശേഷമാണ് ഉണ്ടാക്കിയിട്ടുള്ളത്, ആളുകൾ വർദ്ധിക്കുമ്പോൾ. വായിക്കുന്നവരും വേണമല്ലോ. എല്ലാവരുടെയും ശാസ്ത്രങ്ങൾ പിന്നീടാണുണ്ടാക്കിയത്. ഭക്തിമാർഗ്ഗം ആരംഭിക്കുമ്പോഴാണ് ശാസ്ത്രങ്ങൾ പഠിക്കുക. ജ്ഞാനം ആവശ്യമല്ലേ. ആദ്യം സതോപ്രധാനമായിരിക്കും, പിന്നീട് സതോ, രജോ, തമോവിലേക്ക് വരുന്നു. എപ്പോഴാണോ ആ ധർമ്മത്തിലുള്ളവരുടെ വൃദ്ധിയുണ്ടാകുന്നത് അപ്പോഴാണ് പ്രശസ്തിയുണ്ടാകുന്നത്, ശാസ്ത്രങ്ങളെല്ലാം തന്നെ ഉണ്ടാക്കപ്പെടുന്നത്. ഇല്ലെങ്കിൽ എങ്ങനെ അഭിവൃദ്ധിയുണ്ടാകാനാണ്. അനുയായികൾ ആവശ്യമാണല്ലോ. സിക്ക് ധർമ്മത്തിലുള്ള ആത്മാക്കൾ വരുമ്പോൾ അവർ അനുയായികളായി മാറുന്നു. അതിനും സമയം ആവശ്യമാണ്.

പുതിയ ആത്മാക്കൾ വരുമ്പോൾ അവർക്ക് ദുഖം ഉണ്ടാവുകയില്ല. അതിനുള്ള നിയമമില്ല. ആത്മാവ് എപ്പോഴാണോ സതോപ്രധാന അവസ്ഥയിൽ നിന്നും സതോ, രജോ തമോവിലേക്ക് വരുന്നത് അപ്പോഴാണ് ദുഖമുണ്ടാകുന്നത്. നിയമം അങ്ങനെയാണല്ലോ. ഇവിടെ എല്ലാം കലർന്നിട്ടാണ്, രാവണ സമ്പ്രദായത്തിലുള്ളവരുമുണ്ട്, രാമന്റെ സമ്പ്രദായത്തിലുള്ളവരുമുണ്ട്. ഇപ്പോൾ ആരും തന്നെ സമ്പൂർണ്ണരായി മാറിയിട്ടില്ല. സമ്പൂർണ്ണരായിക്കഴിഞ്ഞാൽ ശരീരം ഉപേക്ഷിക്കും. കർമ്മാതീത അവസ്ഥയിലുള്ളവർക്ക് ഏതൊരു പ്രകാരത്തിലുള്ള ദുഖങ്ങളും ഉണ്ടായിരിക്കില്ല. അവർക്ക് ഈ അഴുക്ക് ലോകത്തിൽ വസിക്കാൻ സാധിക്കില്ല. അവർ പോകും ബാക്കി ഇവിടെയുള്ളവർ കർമ്മാതീതരായി ട്ടുണ്ടാവില്ല. എല്ലാവരും ഒറ്റയടിക്ക് കർമ്മാതീതമായിത്തീരില്ല. വിനാശം സംഭവിച്ചാൽ പോലും കുറച്ചുപേർ ഇവിടെത്തന്നെ അവശേഷിക്കുന്നു. പൂർണ്ണമായും പ്രളയം സംഭവിക്കില്ല. ഇങ്ങനെയൊരു മഹിമയുണ്ട്, രാമനും പോയി രാവണനും പോയി.... രാവണന്റെയും പരിവാരത്തിലുള്ളവർ ധാരാളമുണ്ടല്ലോ. നമ്മുടെ പരിവാരം കുറച്ചേയുള്ളൂ. അവിടെ എത്ര ധർമ്മങ്ങളാണ്. വാസ്തവത്തിൽ ഏറ്റവും വലിയ പരിവാരം നമ്മുടേതായിരിക്കണം കാരണം ദേവി-ദേവതാധർമ്മമാണ് ഏറ്റവും ആദ്യത്തേത്. ഇപ്പോൾ എല്ലാവരും കലർന്നിരിക്കുകയാണ് അതിനാൽ ക്രിസ്ത്യാനികൾ ധാരാളമായിരിക്കുന്നു. മനുഷ്യർ എവിടെയാണോ ധാരാളം സുഖം കാണുന്നത്, പദവി കാണുന്നത് ആ ധർമ്മത്തിലേക്കു പോകുന്നു. എപ്പോഴെല്ലാം പോപ്പ് വരുന്നുവോ അപ്പോൾ ധാരാളം പേർ ക്രിസ്ത്യാനികളായിത്തീരുന്നു. പിന്നീട് വർദ്ധനവുണ്ടാകുന്നു. സത്യയുഗത്തിൽ ഒരു ആൺകുട്ടിയും, ഒരു പെൺകുട്ടിയുമാണ് ഉണ്ടാകുന്നത്. ക്രിസ്ത്യൻസിനെപ്പോലെ മറ്റൊരു ധർമ്മവും വൃദ്ധിയുണ്ടായിട്ടില്ല. ഏറ്റവും തീവ്രഗതിയിൽ മുന്നോട്ട് പോകുന്നവർ ഇവരാണ്. ആര് കൂടുതൽ കുട്ടികൾക്ക് ജന്മം നൽകുന്നുവോ, അവർക്ക് സമ്മാനം ലഭിക്കുന്നു. കാരണം ഇവർക്ക് ജന ങ്ങളെ വേണമല്ലോ. മനുഷ്യരെ സൈന്യത്തിലേക്ക് ഉപയോഗിക്കാമല്ലോ. എല്ലാവരും ക്രിസ്ത്യൻസ് തന്നെയാണ്. റഷ്യയിലുള്ളവരും അമേരിക്കയിലുള്ളവരും എല്ലാവരും ക്രിസ്ത്യാനികളാണ്. ഒരു കഥയുണ്ടല്ലോ, രണ്ട് കരങ്ങന്മാർ യുദ്ധം ചെയ്തു പക്ഷേ വെണ്ണ കഴിച്ചത് പൂച്ചയാണ്. ഇതും ഡ്രാമ ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ആദ്യം ഹിന്ദുക്കളും-മുസ്ലീമുകളും ഒരുമിച്ചായിരുന്നു വസിച്ചിരുന്നത്. വേറെയായപ്പോഴാണ് പാക്കിസ്ഥാൻ എന്ന പുതിയ രാജ്യം ഉണ്ടായത്. ഇതും ഡ്രാമയാണ്. രണ്ടുകൂട്ടരും പരസ്പരം യുദ്ധം ചെയ്യുകയാണെങ്കിൽ മാത്രമേ അവരുടെ വെടിക്കോപ്പുകളും ഉപയോഗത്തിലേക്ക് വരൂ. ഇവരുടെ ഈ ജോലിയാണ് ഏറ്റവും ഉയർന്നതിലും ഉയർന്നത്. പക്ഷേ ഡ്രാമയിൽ വിജയത്തിന്റെ ഭാവി നിങ്ങളുടെതാണ്. 100% ഉറപ്പാണ് നിങ്ങൾക്കു മേൽ ആർക്കും വിജയിക്കാനാവില്ല. ബാക്കി എല്ലാവരും തന്നെ നശിച്ചുപോകുന്നു. നിങ്ങൾക്കറിയാം പുതിയ ലോകത്തിൽ നമ്മുടെ രാജ്യമായിരിക്കും, അതിനുവേണ്ടിയാണ് നിങ്ങൾ പഠിക്കുന്നത്. നിങ്ങൾ യോഗ്യരായിരുന്നു, ഇപ്പോൾ യോഗ്യത നഷ്ടപ്പെട്ടു, വീണ്ടും യോഗ്യരായിത്തീരണം. പതിതപാവനാ വരൂ എന്ന് പറഞ്ഞ് പാടാറുണ്ട്. പക്ഷേ ആരും തന്നെ അർത്ഥം മനസ്സിലാക്കുന്നില്ല. ഈ ലോകം മുഴുവനും കാടാണ്. ഇപ്പോൾ ബാബ വന്നിരിക്കുകയാണ്, വന്ന്

മുൾക്കാടുകളെ പുഷ്പങ്ങളുടെ പൂന്തോട്ടമാക്കി മാറ്റുകയാണ്. അത് ദൈവീക ലോകമാണ്. ഇത് പൈശാചികലോകമാണ്. മുഴുവനും മനുഷ്യസൃഷ്ടിയുടെ രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കിത്തരുകയാണ്. നിങ്ങൾ ഇപ്പോൾ മനസ്സിലാക്കുന്നു നമ്മൾ തന്റെ ധർമ്മത്തെ മറന്ന് ധർമ്മഭ്രഷ്ടരായിരിക്കുകയാണ്. അതുകൊണ്ടാണ് എല്ലാ കർമ്മവും വികർമ്മം തന്നെയാകുന്നത്. കർമ്മം, അകർമ്മം, വികർമ്മം ഇവയുടെ ഗതിയെക്കുറിച്ച് ബാബ നിങ്ങൾക്ക് മനസ്സിലാക്കിത്തന്നു. നിങ്ങൾ മനസ്സിലാക്കുന്നു ഇന്നലെ ഞങ്ങൾ ഇങ്ങനെയായിരുന്നു, ഇന്ന് നാം ഇതുപോലെയായിരിക്കുന്നു. സമീപമെത്തിയിരിക്കുന്നു. ബാബ പറയുന്നു ഇന്നലെ ഞാൻ നിങ്ങളെ ദേവതയാക്കി മാറ്റിയിരുന്നു. രാജ്യ ഭാഗ്യം നൽകിയിരുന്നു പിന്നീട് അതെല്ലാം തന്നെ എന്ത് ചെയ്തു? നിങ്ങൾക്ക് സ്മൃതിയുണർന്നു കഴിഞ്ഞു – ഭക്തിമാർഗ്ഗത്തിൽ നമ്മൾ എത്ര ധനത്തെ നഷ്ടപ്പെടുത്തി. ഇന്നലത്തെക്കാര്യമാണ്. ബാബ വന്ന് കൈക്കുമ്പിളിൽ സ്വർഗ്ഗം നൽകുകയാണ്. ഈ ജ്ഞാനം ബുദ്ധിയിലുണ്ടായിരിക്കണം.

ബാബ ഇതും മനസ്സിലാക്കിത്തന്നിട്ടുണ്ട് ഈ കണ്ണുകൾ വളരെയധികം ചതിക്കുന്നു, വികാരിദൃഷ്ടിയെ ജ്ഞാനത്തിലൂടെ നിർവ്വികാരിദൃഷ്ടിയാക്കി മാറ്റണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാലവന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം –

1. തന്റെ പരിധിയില്ലാത്ത ഡയറിയിൽ ചാർട്ട് നോട്ട് ചെയ്യണം അതായത് നമ്മൾ ഓർമ്മയിലിരുന്നുകൊണ്ട് എത്രത്തോളം ലാഭം വർദ്ധിപ്പിച്ചു? നഷ്ടം ഉണ്ടാക്കിയില്ലല്ലോ? ഓർമ്മിക്കുന്ന സമയത്ത് ബുദ്ധി എവിടേയെല്ലാം പോയി?

2. ഈ ജന്മത്തിൽ ചെറുപ്പം മുതൽ നമ്മളിൽ നിന്നും എന്തെല്ലാം തലകീഴായ കർമ്മങ്ങൾ അഥവാ പാപങ്ങൾ ഉണ്ടായിട്ടുണ്ടോ അവ നോട്ട് ചെയ്യണം. ഏതൊരു കാര്യമാണ് മനസ്സിനെ കാർന്ന് തിന്നുന്നത്, അത് ബാബയെ കേൾപ്പിച്ച് ഭാരരഹിതരായിത്തീരണം. ഇപ്പോൾ ഏതൊരു പാപകർമ്മവും ചെയ്യരുത്.

## വരദാനം: കർമബന്ധനത്തെ സേവനത്തിന്റെ സംബന്ധത്തിലേക്ക് പരിവർത്തനപ്പെടുത്തി സർവരിൽ നിന്നും നിർമോഹിയും പരമാത്മ സ്നേഹിയുമായി ഭവിക്കട്ടെ

പരമാത്മ സ്നേഹം ബ്രാഹ്മണ ജീവിതത്തിന്റെ ആധാരമാണ് എന്നാൽ അത് ലഭിക്കണമെങ്കിൽ നിർമോഹിയാകണം. അഥവാ ഗൃഹസ്ഥത്തിൽ കഴിയുകയാണെങ്കിൽ സേവനത്തിനായി കഴിയുകയാണ്. ഒരിക്കലും ഇതു കരുതരുത് കർമക്കണക്കാണ്, കർമബന്ധനമാണ്..... എന്നാൽ സേവനമാണ്. സേവനത്തിന്റെ ബന്ധനത്തിൽ ബന്ധിതമാകുന്നതിലൂടെ കർമബന്ധനം അവസാനിക്കുന്നു. സേവാഭാവമില്ലെങ്കിൽ കർമബന്ധനം ആകർഷിക്കുന്നു. എവിടെ കർമബന്ധനമുണ്ടോ അവിടെ ദു:ഖത്തിന്റെ അലകളാണ്, സേവനത്തിന്റെ സംബന്ധത്തിൽ സന്തോഷമാണ് അതിനാൽ കർമബന്ധനത്തെ സേവനത്തിന്റെ സംബന്ധത്തിലേക്ക് പരിവർത്തനപ്പെടുത്തി നിർമോഹി സ്നേഹിയായി കഴിയൂ എങ്കിൽ പരമാത്മ സ്നേഹിയായി മാറും.

## സ്ലോഗൻ:- സ്വസ്ഥിതിയിലൂടെ ഓരോ പരിതസ്ഥിതിയെയും മറികടക്കുന്നവരാണ് ശ്രേഷ്ഠാത്മാക്കൾ.